(സി) 2014-15, 2015-16 എന്നീ കാലഘട്ടത്തിൽ ത്രീസ്റ്റാർ വിഭാഗത്തിൽപ്പെട്ട 4-ഉം ഫോർ സ്റ്റാർ വിഭാഗത്തിൽപ്പെട്ട 17-ഉം ഫൈവ് സ്റ്റാർ വിഭാഗത്തിൽപ്പെട്ട 5-ഉം ഉൾപ്പെടെ ആകെ 26 അപേക്ഷകൾ ലഭിച്ചു ഇവയിൽ ഫൈവ് സ്റ്റാർ ഒഴികെയുള്ള 21 അപേക്ഷകളും തള്ളിക്കളഞ്ഞിട്ടുണ്ട്. ഫൈവ് സ്റ്റാർ അപേക്ഷയിന്മേൽ 5 ബാർ ലൈസൻസുകൾ അനുവദിച്ചിട്ടുണ്ട്. നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ബാർ ലൈസൻസിനായുള്ള അപേക്ഷകൾ ഒന്നും തന്നെയില്ല.

(ഡി) ബിയർ/വൈൻ പാർലർ ലൈസൻസിനായുള്ള 7 അപേക്ഷകൾ ഈ വർഷം ലഭിച്ചു അതിൽ 5 പേർക്ക് ലൈസൻസ് നൽകുകയുണ്ടായി. 2 അപേക്ഷകൾ സർക്കാരിന്റെ പരിഗണനയിലാണ്.

മദ്യനയവും വരുമാനവും

81 (1785) ശ്രീ. എ. കെ. ബാലൻ :
ശ്രീമതി കെ. കെ. ലതിക :
ഡോ. കെ. ടി. ജലീൽ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ മദ്യനയം സംബന്ധിച്ച നിലപാട് എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ ; ഈ സർക്കാർ അധികാരത്തിൽ വന്ന വർഷംതന്നെ പ്രസ്തുത നിലപാട് അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായോ ; എങ്കിൽ ആ വർഷവും ബാറുകളുടെ ലൈസൻസ് പുതുക്കുകയും പുതിയ ബാറുകൾ അനുവദിക്കുകയും ചെയ്തത് എന്തുകൊണ്ടായിരുന്നുവെന്ന് വിശദമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എത്ര ബാറുകളും മദ്യവില്പന ശാലകളും നിലവിലുണ്ടായിരുന്നു ; എത്ര ബാറുകൾക്ക് പുതുതായി ലൈസൻസ് നൽകിയിട്ടുണ്ട്

(സി) മദ്യനയത്തിന്റെ ഫലമായി സ്റ്റേറ്റ് എക്സൈസിൽ നിന്നുള്ള വരുമാനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ടോ ; 2010-11-ൽ വരുമാനം എത്രയായിരുന്നു ; 2014-15-ൽ വരുമാനം എത്രയായി വർദ്ധിച്ചു ; 2015-16-ലെ ബജറ്റിൽ സ്റ്റേറ്റ് എക്സൈസ് വഴി പ്രതീക്ഷിക്കുന്ന വരുമാനം എത്ര ;

(ഡി) മദ്യനയത്തിന്റെ ഫലമായി വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ടെങ്കിൽ ശരാശരി എത്ര കോടി രൂപ പ്രതിവർഷം ഖജനാവിന് നഷ്ടം ഉണ്ടായതായി കണക്കാക്കുന്നു ; വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മദ്യത്തിന്റെ ഉല്പാദനവും ലഭ്യതയും കുറച്ച് ശക്തമായ ബോധവത്ക്കരണ പ്രവർത്തനങ്ങളിലൂടെ മദ്യവർജ്ജനത്തിലൂന്നിയുള്ള ഘട്ടംഘട്ടമായ മദ്യ നിരോധനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഘട്ടംഘട്ടമായി മദ്യത്തിന്റെ ഉപയോഗം കുറയ്ക്കുക എന്ന സർക്കാരിന്റെ അബ്കാരി നയത്തിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ ബാർ ലൈസൻസ് നൽകാവുന്ന പട്ടികയിൽ നിന്നും 3 സ്റ്റാർ ഹോട്ടലുകളെ ഒഴിവാക്കി. ഇത് സർക്കാർ നിലവിൽ വന്ന ആദ്യ വർഷം തന്നെയാണ്. തുടർന്നുള്ള വർഷങ്ങളിൽ 4 സ്റ്റാർ ഹോട്ടലുകളെ ഒഴിവാക്കി. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട കോടതിയിൽ വിവിധ കേസ്സുകൾ ഹോട്ടൽ ഉടമസ്ഥർ ഫയൽ ചെയ്തെങ്കിലും ബഹുമാനപ്പെട്ട ഹൈക്കോടതി സർക്കാരിന്റെ അബ്കാരി നയം അംഗീകരിച്ചു. നിലവാരമില്ലാത്ത ബാറുകൾ എന്ന് സി. & എ.ജി. റിപ്പോർട്ടിൽ പരാമർശിച്ചതും ബഹുമാനപ്പെട്ട സുപ്രീംകോടതി നിരീക്ഷിച്ചതുമായ 418 ബാറുകൾ 2014-15 വർഷം പൂതുക്കേണ്ട എന്ന് തീരുമാനിച്ചു. തുടർന്ന് 2014 ആഗസ്റ്റ് മുതൽ 5 സ്റ്റാർ ഒഴികെയുള്ള ഹോട്ടലുകളിലെ ബാറുകൾ പൂട്ടാൻ തീരുമാനിച്ചു എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ താൽക്കാലിക ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി ഹോട്ടലുകൾ 2015 മാർച്ച് 31 വരെ പ്രവർത്തിച്ചു. 31-3-2015 ലെ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ 1-4-2015 മുതൽ 5 സ്റ്റാറിന് താഴെ ക്ലാസിഫിക്കേഷൻ ഉള്ള ഹോട്ടലുകളിലെ FL3 ലൈസൻസ് പുതുക്കി നൽകിയിട്ടില്ലാത്തതാകുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 680 ബാറുകളും 384 മദ്യ വില്പനശാലകളും (എഫ്.എൽ-1 ഷോപ്പ്) നിലവിലുണ്ടായിരുന്നു. 64 ബാറുകൾക്ക് പുതിയതായി ലൈസൻസ് നൽകിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരുന്ന 710 എഫ്.എൽ-3 ലൈസൻസുകൾ (ബാറുകൾ) നിർത്തലാക്കിയതും 52 എഫ്.എൽ.-1 വിദേശമദ്യ ഔട്ട്ലെറ്റുകൾ നിർത്തലാക്കിയതും എക്സൈസ് നികുതി വരുമാനത്തിൽ കുറവു വരുത്തിയിട്ടുണ്ട്. 710 എഫ്.എൽ-3 ലൈസൻസുകൾ നിർത്തലാക്കിയതുകൊണ്ട് മാത്രം എക്സൈസ് നികുതി വരുമാനത്തിൽ 163.30 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. 2010-11-ൽ സ്റ്റേറ്റ് എക്സൈസ് വരുമാനം 1704.69 കോടി രൂപയായിരുന്നു. 2013-14-ൽ സ്റ്റേറ്റ് എക്സൈസ് വരുമാനം 1931.89 കോടി രൂപയായിരുന്നു. 2014-15-ൽ സ്റ്റേറ്റ് എക്സൈസ് വരുമാനം 1778.07 കോടി രൂപയാണ്. 2015-16-ലെ ബഡ്ജറ്റിൽ സ്റ്റേറ്റ് എക്സൈസിൽ നിന്നുള്ള വരുമാന ലക്ഷ്യം 2600.66 കോടി രൂപയാണ്.

(ഡി) ബഡ്ജറ്റിൽ പ്രതീക്ഷിച്ചതിനേക്കാൾ കൂടുതലും കുറവും വരുമാനം ലഭിച്ച വർഷത്തെ ശതമാനക്കണക്ക് ചുവടെ ചേർക്കുന്നു :

വർഷം	ബഡ്ജറ്റ് ഇക (കോടിയിൽ)	കളക്ഷൻ (കോടിയിൽ)	വ്യത്യാസം (ശതമാനത്തിൽ)
2005-06	825.82	835.23	+1.13
2006-07	944.73	951.65	+0.73
2007-08	986.86	1185.19	+20.0
2008-09	1299.85	1369.13	+5.32
2009-10	1440.52	1533.31	+6.44
2010-11	1836.21	1704.69	-7.16
2011-12	2059.04	1888.88	-8.28
2012-13	2550.65	2249.75	-11.79
2013-14	2801.75	1931.89	-31.04
2014-15	3208.36	1778.07	-44.58

സ്റ്റേറ്റ് എക്സൈസിൽ നിന്നുള്ള വരുമാനം

82 (1786) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാറുകളുടെ ലൈസൻസ് നൽകാതിരുന്നതുമൂലം സ്റ്റേറ്റ് എക്സൈസിൽ നിന്നുമുള്ള വരുമാനം കുറഞ്ഞുവെന്നത് ശരിയാണോ ;

(ബി) 2010-11-ൽ സ്റ്റേറ്റ് എക്സൈസിൽ നിന്നുമുള്ള വരുമാനം എത്ര ഇകയായിരുന്നു ; 2013-14-ൽ അത് എത്രയായി വർദ്ധിച്ചു ; 2014-15 -ൽ എത്രയായി വർദ്ധിച്ചു ; 2015-16-ലെ ബഡ്ജറ്റിൽ സ്റ്റേറ്റ് എക്സൈസിൽ നിന്നുള്ള വരുമാന ലക്ഷ്യം എത്ര ഇകയാണ് ;

(സി) വരുമാനം കുറഞ്ഞുവെന്നത് ശരിയാണെങ്കിൽ ഏതെല്ലാം വർഷത്തിൽ എത്ര ഇകയുടെ വരുമാനം കുറവുണ്ടായി എന്നും ഇതിനകം മൊത്തം എത്ര ഇകയുടെ കുറവുണ്ടായി എന്നും വെളിപ്പെടുത്താമോ ;

(ഡി) സർക്കാർ വിൽക്കുന്ന മദ്യം കൂടാതെ അനധികൃതമായി നടക്കുന്ന വിൽപ്പന കൂടി പരിഗണിച്ചാൽ മദ്യ ഉപഭോഗത്തിൽ ഒരു കുറവും ഉണ്ടായിട്ടില്ലെന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly